Passed on 21-06-2018

# 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ചില പദപ്രയോഗങ്ങളുടെ പരാമർശങ്ങൾക്ക് പകരം മറ്റ് പദപ്രയോഗങ്ങൾ ചേർക്കൽ.—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക),—

(എ) "അക്കാദമിക സമിതി" എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അതിനുപകരം "അക്കാദമിക കൗൺസിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "നിർവ്വാഹക സമിതി" എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അതിനുപകരം "സിൻഡിക്കേറ്റ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

KNPP. 1207/2018.

3. <u>14-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 14-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ "കഴിയുന്നത്ര വേഗം" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതും "അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "അങ്ങനെയുള്ള അധികാര സ്ഥാനത്തിന്റെയോ നികായത്തിന്റെയോ തൊട്ടടുത്ത യോഗത്തിൽ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതുമാണ്.

4. <u>15-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 15-ാം വകുപ്പ് (3)-ാം ഉപവകുപ്പിനും ക്ലിപ്ത നിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്: —

"(3) പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി നാലുവർഷക്കാലം ആയിരിക്കുന്നതാണ്." .

5. <u>22-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിൽ,—

(iv) "ഗവേഷണ കൗൺസിൽ" എന്ന ഇനത്തിനുശേഷം വരുന്ന "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതും അങ്ങനെ ഭേദഗതി ചെയ്ത (iv)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

" (v) ബോർഡ് ഓഫ് സ്റ്റഡീസ്;

(vi) ധനകാര്യ സമിതി;

(vii) ആസൂത്രണ സമിതി;

(viii) സ്റ്റുഡന്റ്സ് കൗൺസിൽ, കൂടാതെ "

6. <u>23-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 23-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(എ) "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (xv)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xv) സർവ്വകലാശാലാ വിദ്യാർത്ഥി യൂണിയൻ ചെയർമാൻ.";

(ബി) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ,

(ii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കിടയിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന ആറ് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ മൂന്നുപേർ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ആയിരിക്കേണ്ടതാണ്; പ്രസ്തുത അംഗങ്ങളിൽ ഒരാൾ ബിരുദാനന്തരബിരുദ വിദ്യാർത്ഥിയും ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ട വിദ്യാർത്ഥിയും ആയിരിക്കേണ്ട താണ്;";

(സി) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(i) (iv)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iv) പി.എച്ച്.ഡി. ഗവേഷണത്തിന് മേൽനോട്ടം വഹിച്ചിട്ടുള്ളതും പോസ്റ്റ് ഡോക്ടറൽ പബ്ലിക്കേഷൻസുള്ളതുമായ, കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നുള്ള രണ്ട് വിദ്യാഭ്യാസ വിചക്ഷണർ;";

(ii) (v)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജ് മേധാവികൾ അല്ലെങ്കിൽ മാനേജർമാർ, അവരിൽ ഒരാൾ എയ്ഡഡ് കോളേജിൽ നിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജിൽ നിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ കോളേജിൽ നിന്നും ആയിരിക്കേണ്ടതാണ്;";

(iii) (vi)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്.ഡി.-യും പത്ത് വർഷത്തെ അദ്ധ്യാപന പരിചയവുമുള്ള, രണ്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർ, ഒരു എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, ഒരു സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, ഒരു സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ; പ്രസ്തുത അംഗങ്ങളിൽ

ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെട്ട ആളും ഒരാൾ എഞ്ചിനീയറിംഗ് ഇതര ശാസ്ത്ര വിഷയ അദ്ധ്യാപകനും ആയിരിക്കേണ്ടതാണ്;

(vii) അനദ്ധ്യാപക ജീവനക്കാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം.";

(ഡി) "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ, (i)-ാം ഇനം വിട്ടുകളയേണ്ടതാണ്.

7. <u>27-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(എ) (xi)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനവും ക്ലിപ്തനിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:—

"(xi) ബോർഡ് ഓഫ് ഗവർണേഴ്സിലെ വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം:

എന്നാൽ, സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാകാത്ത സാഹചര്യത്തിൽ, തെരഞ്ഞെടുപ്പ് പൂർത്തിയാകുന്നതുവരെ, സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഒരു വിദ്യാർത്ഥിയെ സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്;"

(ബി) (xiii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xiii) ബോർഡ് ഓഫ് ഗവർണേഴ്സിലെ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാരിൽ അല്ലെങ്കിൽ മേധാവികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;".

8. <u>31-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 31-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) (iii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iii) സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് എന്നീ ഓരോ വിഭാഗത്തിൽ നിന്നും വൈസ്-ചാൻസലർ നിർദ്ദേശിക്കുന്ന മൂന്ന് പേർ വീതം അടങ്ങുന്ന പട്ടികകളിൽ നിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന, ഓരോ പ്രിൻസിപ്പൽ വീതം; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്. പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെ അഭാവത്തിൽ മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരെ പരിഗണിക്കേണ്ടതാണ്.";

(ബി) (iv)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iv) സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് എന്നീ ഓരോ വിഭാഗത്തിൽ നിന്നും വിവിധ എഞ്ചിനീയറിംഗ് ശാഖകളെ പ്രതിനിധാനം ചെയ്യുന്നതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും ആയ പ്രസ്തുത ഓരോ വിഭാഗത്തിൽ നിന്നും വൈസ്-ചാൻസലർ നിർദ്ദേശിക്കുന്ന മൂന്ന് പേർ വീതം അടങ്ങുന്ന പട്ടികകളിൽ നിന്നും, ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശംചെയ്യുന്ന, ഒരു അദ്ധ്യാപകൻ വീതം; അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോപെട്ടവരായിരിക്കേണ്ടതാണ്. പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെയോ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ടവരുടെയോ അഭാവത്തിൽ ആ വിഭാഗങ്ങൾക്കായി നീക്കിവച്ച സ്ഥാനങ്ങളിലേക്ക് മറ്റ് വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ടവരെ പരിഗണിക്കേണ്ടതാണ്.";

(സി) (v)-ാം ഇനത്തിൽ, "ബിരുദധാരികളായ, രണ്ട് പ്രഗത്ഭരായ വ്യവസായികൾ" എന്നീ വാക്കുകൾക്ക് പകരം "ബിരുദധാരിയായ പ്രഗത്ഭനായ ഒരു വ്യവസായി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (viii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ix) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ്-ചെയർമാൻ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഒരു കൗൺസിൽ അംഗം;

(x) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, ബോർഡ് ഓഫ് ഗവർണേഴ്സിലെ രണ്ട് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ ബിരുദ വിദ്യാർത്ഥിയും ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ആയിരിക്കേണ്ടതാണ്; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.".

9. <u>37-ാം വകുപ്പിനുപകരം പുതിയ വകുപ്പുകൾ ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 37-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"37. <u>ബോർഡ് ഓഫ് സ്റ്റഡീസ്.</u>—(1) സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന പ്രകാരം ഓരോ പഠനശാഖയ്ക്കും ഒരു ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ടായിരിക്കേണ്ടതാണ്.

(2) ബോർഡ് ഓഫ് സ്റ്റഡീസിന്റെ ഘടനയും അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

37എ. <u>ധനകാര്യ സമിതി</u>—(1) സർവ്വകലാശാലയുടെ ധനകാര്യ സംബന്ധമായ ഏതൊരു കാര്യത്തിനും ഉപദേശം നൽകുന്നതിനും മേൽനോട്ട ചുമതല വഹിക്കുന്നതിനുമായി സിൻഡിക്കേറ്റ് നിയോഗിക്കുന്ന നിർണ്ണയിക്കപ്പെടാവുന്ന യോഗ്യതയുള്ള ഒരാൾ ചെയർമാനായി ഒരു ധനകാര്യ സമിതി ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ധനകാര്യ സമിതിയുടെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

37ബി. <u>ആസൂത്രണ സമിതി.</u>—(1) സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സിൻഡിക്കേറ്റിനെയും അക്കാദമിക കൗൺസിലിനെയും ഉപദേശിക്കുന്നതിനായി സിൻഡിക്കേറ്റ് നിയോഗിക്കുന്ന ഒരാൾ ചെയർമാനായി ഒരു ആസൂത്രണ സമിതി ഉണ്ടായിരിക്കേണ്ടതാണ്.

(2) ആസൂത്രണ സമിതിക്ക് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയുടെ വികസനം സംബന്ധിച്ച് അഞ്ച് വർഷത്തേക്കുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിക്കുക;

(ii) സർവ്വകലാശാലയുടെ അഭിവൃദ്ധിക്ക് രൂപരേഖ തയ്യാറാക്കുക;

(iii) സിൻഡിക്കേറ്റ് അംഗീകരിച്ച പദ്ധതികൾ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ഉപദേശം നൽകുക;

(iv) പദ്ധതിക്കാലത്ത് കൈവരിക്കുന്നതിനുദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ സർവ്വകലാശാല പ്രകടിപ്പിച്ച മൊത്തത്തിലുള്ള വൈദഗ്ദ്ധ്യം വിലയിരുത്തുക.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആസൂത്രണ സമിതിയുടെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

37സി. <u>സ്റ്റുഡന്റ്സ് കൗൺസിൽ.</u>—(1) വിദ്യാർത്ഥികളുടെ ക്ഷേമം സംബന്ധിച്ച കാര്യങ്ങൾക്കായി സർവ്വകലാശാലയ്ക്ക് ഒരു സ്റ്റുഡന്റ്സ് കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്റ്റുഡന്റ്സ് കൗൺസിലിന്റെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.".

10. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2018-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

---